**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 335** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ കേരള മിഷനിൽ ഇപ്പോൾ എത്ര ജീവനക്കാരാണുള്ളതെന്നും ഒരോ വിഭാഗത്തിലും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഇൻഫർമേഷൻ കേരള മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ 6പേരും ഐ.കെ.എം സൊസൈറ്റി ജീവനക്കാർ 325 പേരും ചേർത്ത് ആകെ 331 പേർ ജോലി ചെയ്യുന്നു . |
| (ബി) | ഇൻഫർമേഷൻ കേരള മിഷനിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | 31/08/2017 ലെ സ.ഉ (കൈ )നം 176/2017 / തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരമാണ് ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് 01/09/2017 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത്. |
| (സി) | ശമ്പളം പരിഷ്കരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ശമ്പള പരിഷ്കരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗം ഡോ .സന്തോഷ് ബാബു ഐ.എ.എസ് (Rtd), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) (കമ്മിറ്റി ചെയർമാൻ) ന്റെ അദ്ധ്യക്ഷതയിൽ 21/03/2024-ന് രാവിലെ 10.00 മണിക്ക് യോഗം ചേരുകയും ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു .<br><br>അതിനു ശേഷം ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടന പ്രതിനിധികളുടെ ഒരു യോഗം ഡോ. സന്തോഷ് ബാബു ഐ.എ.എസ് (Rtd)-ന്റെ ചേംബറിൽ വച്ച് 05/04/2024-ന് ഉച്ചക്ക് 03.00 മണിക്ക് ചേരുകയും സംഘടന പ്രതിനിധികൾ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ച കാര്യങ്ങളും കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ സമർപ്പിക്കേണ്ട പ്രൊപ്പോസൽ അന്തിമമാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഐകെഎമ്മിൽ പുരോഗമിക്കുന്നു .ഇക്കാര്യം സംബന്ധിച്ച പ്രൊപ്പോസൽ ഐ.കെ.എം-ൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് നടപടികൾ ഏത് ഘട്ടത്തിലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഐ.കെ.എം ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ